പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1879 — 01.11.2019-ലെ മറുപടിക്ക്

# കോട്ടയ്ക്കൽ വഴി കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യുടെ നെടുമ്പാശ്ശേരി -കോഴിക്കോട് ലോഫ്ളോർ ബസ്സുകൾക്ക് തൃശ്ശൂരിനും കോഴിക്കോടിനും ഇടയ്ക്ക് റിസർവേഷൻ പോയിന്റുകൾ അനുവദിക്കുന്നത് സംബന്ധിച്ച 1873/VIP/KSRTC/2019/M(T)എന്ന നമ്പറിലുള്ള നിവേദനത്തിന്മേലും കെ.എസ്.ആർ.ടി.സി യുടെ ചിൽ ബസിന് കോട്ടയ്ക്കൽ (ചങ്കുവെട്ടി) സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച 1875/VIP/KSRTC/2019/M(T) എന്ന നമ്പർ നിവേദനത്തിന്മേലും സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ടി പരാതികൾ വിശദമായി പരിശോധിച്ച് അനുകൂല തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചങ്കുവെട്ടിയിൽ റിസർവേഷൻ പോയിന്റും ബസ് സ്റ്റോപ്പും പുതുതായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി യുടെ ശബരി ബസ്സുകളുടെ എത്ര സർവ്വീസുകൾ മലപ്പുറത്തു നിന്നും തിരുവനന്തപുരത്തേയ്ക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; | (ബി) | ഒരു ശബരി ബസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. |
| (സി) | തിരൂരിൽ നിന്ന് കോട്ടയ്ക്കൽ വഴി പെരിന്തൽമണ്ണയിലേയ്ക്ക് കെ.എസ്.ആർ.ടി.സി ബസ്സുകൾ നിലവിൽ ഓടുന്നുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | തിരൂരിൽ നിന്നും കോട്ടയ്ക്കൽ വഴി പെരിന്തൽമണ്ണയിലേയ്ക്ക് കെ.എസ്.ആർ.ടി.സി നിലവിൽ സർവ്വീസ് നടത്തുന്നില്ല. എന്നാൽ പുതിയ റൂട്ടുകളിൽ സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം, സാധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**